പതിനഞ്ചാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## ഒന്നാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021 മേയ്

പതിനഞ്ചാം കേരള നിയമസഭ

# കാര്യോപദേശക സമിതി

ഒന്നാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021 മേയ്

513/2021.

# കാര്യോപദേശക സമിതി

## ഘടന

എക്സ് - ഒഫീഷ്യോ ചെയർമാൻ :

ശ്രീ. എം. ബി. രാജേഷ് (സ്പീക്കർ).

അംഗങ്ങൾ :

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. കെ. രാധാകൃഷ്ണൻ

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. പിണറായി വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.

# റിപ്പോർട്ട്

സഭാ നേതാവും കാര്യോപദേശക സമിതിയംഗവുമായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2021 മേയ് 28-ാം തീയതി, വെള്ളിയാഴ്ച രാവിലെ 11.15-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി.ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ ശിപാർശകൾ താഴെക്കൊടുത്തിരിക്കുന്നു :

കേരള നിയമസഭയുടെ നടപ്പുസമ്മേളനം 2021 ജൂൺ 10-ാം തീയതി വ്യാഴാഴ്ച അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

2021 മേയ് 31, ജൂൺ 1, 2, 3 തീയതികളിൽ ചോദ്യോത്തരവേള ഒഴിവാക്കാനും 2021 മേയ് 31-ാം തീയതി തിങ്കളാഴ്ചയിലെ സഭാസമ്മേളനത്തിൽ ശ്രദ്ധ ക്ഷണിക്കലും, സബ്മിഷനുകളും ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു.

2021 ജൂൺ 3-ാം തീയതി വ്യാഴാഴ്ച ഗവൺമെന്റ് കാര്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ള സമയം 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ അവതരണത്തിനും അനന്തരഘട്ടങ്ങൾക്കുമായി നീക്കിവയ്ക്കാനും ബില്ലിൻമേലുള്ള ചർച്ച അവസാനിപ്പിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

2021 ജൂൺ 14-ന് സഭ പരിഗണിക്കേണ്ടിയിരുന്ന 2021-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബില്ലിന്റെ അവതരണത്തിനും അനന്തര ഘട്ടങ്ങൾക്കുമായി 2021 ജൂൺ 10-ാം തീയതി വ്യാഴാഴ്ച സഭ അപരാഹ്ന സമ്മേളനം ചേരണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2021 മേയ് 31.

പിണറായി വിജയൻ,
*സഭാ നേതാവും*
*കാര്യോപദേശക സമിതി അംഗവും.*

അനുബന്ധം

# 2021 മേയ് 28-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ്

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2021 മേയ് 28-ാം തീയതി, വെള്ളിയാഴ്ച രാവിലെ 11.15-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി.ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ യോഗത്തിൽ സന്നിഹിതരായിരുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. കെ. രാധാകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. പിണറായി വിജയൻ

ശ്രീ. കെ. ബി. ഗണേഷ് കുമാർ, (പ്രത്യേക ക്ഷണപ്രകാരം)

ഡോ. എൻ. ജയരാജ് "

ഡോ. എം. കെ. മുനീർ "

ശ്രീ. കെ. രാജൻ "

ശ്രീ. ടി. പി. രാമകൃഷ്ണൻ "

ശ്രീ. പി. ടി. തോമസ് "

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി

ശ്രീ. മുഹമ്മദാലി. പി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ദീപക് എസ്. വി, അണ്ടർ സെക്രട്ടറി

കേരള നിയമസഭയുടെ നടപ്പുസമ്മേളനം 2021 ജൂൺ 10- ാം തീയതി വ്യാഴാഴ്ച അവസാനിപ്പിക്കാൻ ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2021 മേയ് 31, ജൂൺ 1, 2, 3 തീയതികളിൽ ചോദ്യോത്തരവേള ഒഴിവാക്കാനും 2021 മേയ് 31-ാം തീയതി തിങ്കളാഴ്ചയിലെ സഭാസമ്മേളനത്തിൽ ശ്രദ്ധ ക്ഷണിക്കലും, സബ്മിഷനുകളും ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു.

2021 ജൂൺ 3 -ാം തീയതി വ്യാഴാഴ്ച ഗവൺമെന്റ് കാര്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ള സമയം 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ അവതരണത്തിനും അനന്തരഘട്ടങ്ങൾക്കുമായി നീക്കിവയ്ക്കാനും ബില്ലിൻമേലുള്ള ചർച്ച അവസാനിപ്പിക്കാനും ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2021 ജൂൺ 14-ന് സഭ പരിഗണിക്കേണ്ടിയിരുന്ന 2021-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബില്ലിന്റെ അവതരണത്തിനും അനന്തര ഘട്ടങ്ങൾക്കുമായി 2021 ജൂൺ 10- ാം തീയതി വ്യാഴാഴ്ച സഭ അപരാഹ്ന സമ്മേളനം ചേരണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.40-ന് പിരിഞ്ഞു.

................

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.